9412
111 S118

കേരള സർക്കാർ

പാ.കാ.വ-ബി3/65/2018/പാ.കാ.വ

പാർലമെന്ററികാര്യ (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി : 08/05/2018

## സർക്കുലർ

വിഷയം : പാർലമെന്ററികാര്യ വകുപ്പ്- വിവിധ നിയമസഭാ സമിതി റിപ്പോർട്ടുകളുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ ത്രൈമാസ സമാഹൃത സ്റ്റേറ്റുമെന്റ് ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന : പാർലമെന്ററികാര്യ (എ) വകുപ്പിന്റെ 08.06.2009 തീയതിയിലെ 971/എ 2/09/പി.എ.ഡി നമ്പർ സർക്കുലർ.

വിവിധ നിയമസഭാ സമിതി റിപ്പോർട്ടുകളിന്മേൽ ഓരോ വകുപ്പും സ്വീകരിച്ച നടപടികൾ ചീഫ് സെക്രട്ടറിയും, സെക്രട്ടറിമാരുമായുള്ള പ്രതിമാസ യോഗത്തിൽ റിവ്യൂ ചെയ്യുന്നതിനായി ഒരു സമാഹൃത സ്റ്റേറ്റുമെന്റായി ലഭ്യമാക്കണമെന്ന് സൂചന സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല വകുപ്പുകളും നിർദ്ദേശം കൃത്യമായി പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. കൂടാതെ പ്രധാനപ്പെട്ട നിയമസഭാ കമ്മിറ്റികളായ സബ്ജക്ട് കമ്മിറ്റി, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി, പബ്ലിക്ക് അണ്ടർടേക്കിംഗ് കമ്മിറ്റി, എസ്റ്റിമേറ്റ് കമ്മിറ്റി, അഷ്വറൻസ് കമ്മിറ്റി, പെറ്റീഷൻസ് കമ്മിറ്റി, തുടങ്ങിയ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ സമയബന്ധിതമായി നിയമസഭയ്ക്ക് ലഭ്യമാക്കുന്ന കാര്യത്തിൽ വകുപ്പുകൾ വീഴ്ച വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

മേൽ സാഹചര്യത്തിൽ വിവിധ നിയമസഭാ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ഓരോ വകുപ്പും സ്വീകരിച്ച നടപടികൾ ചീഫ് സെക്രട്ടറിയ്ക്ക് റിവ്യൂ ചെയ്യുന്നതിനായി ഓരോ വകുപ്പിന്റേയും പാർലമെന്റ് സെക്ഷനുകൾ ത്രൈമാസ സമാഹൃത സ്റ്റേറ്റുമെന്റായി ഇതോടൊപ്പം നൽകിയിട്ടുള്ള പ്രൊഫോർമയിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ മാസങ്ങളിലെ ആദ്യ ആഴ്ചയിൽത്തന്നെ നിർബന്ധമായും പാർലമെന്ററികാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

**റ്റി.ഒ. സൂരജ്**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## PROFORMA FOR FURNISHING DETAILS IN RESPECT OF LEGISLATURE COMMITTEE REPORTS

| Name of Committee | Sl. No. | Number & Year of report | Subject | File number | Reference number Leg/PAD | Present stage |
|---|---|---|---|---|---|---|
| | | | | | | |